(ബി) മറ്റു വകുപ്പുകളിലെന്നപോലെ പഞ്ചായത്തു വകുപ്പിലും ജോലി നോക്കുന്ന ജീവനക്കാർക്ക് ജി.പി.എഫ്. അനുവദിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പി.എഫ്. ക്രെഡിറ്റ് കാർഡിന്റെ അഭാവത്തിൽ എത്ര ക്ലോഷർ കേസ്സുകൾ പെൻഡിംഗ് ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത് ഡയറക്ടറാഫീസിലെ പ്രോവിഡന്റ് ഫണ്ട് സെക്ഷൻ കംപ്യൂട്ടർവൽക്കരിക്കൽ, കൂടുതൽ ജീവനക്കാരെ നിയോഗിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചതിനെത്തുടർന്ന് നിലവിലുണ്ടായിരുന്ന കേരളാ പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് വരിക്കാരുടെ അക്കൗണ്ടുകൾ ജനറൽ പ്രോവിഡന്റ് ഫണ്ടിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലുമായി കത്തിടപാടുകൾ നടത്തിയിരുന്നു. എന്നാൽ പഞ്ചായത്ത് ജീവനക്കാർക്ക് ജനറൽ പ്രോവിഡന്റ് ഫണ്ട് അംഗത്വം അനുവദിക്കുന്നതിന് അക്കൗണ്ടന്റ് ജനറൽ വിസമ്മതം പ്രകടിപ്പിക്കുകയാണ് ചെയ്തത്.

(സി) ക്രെഡിറ്റ് കാർഡിന്റെ അഭാവം മൂലം കുടിശ്ശികയായിട്ടുള്ള പി.എഫ്. ക്ലോഷർ കേസ്സുകൾ ഇല്ല.

ഗ്രാമീണ റോഡുകളുടെ സംരക്ഷണം

111 (1580) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഏറ്റെടുക്കുന്ന ഗ്രാമീണ റോഡുകൾക്ക് 8 മീറ്റർ വീതി വേണമെന്ന നിബന്ധന ഉദാരമാക്കിക്കൊണ്ടുള്ള കേന്ദ്ര/സംസ്ഥാന ഉത്തരവുകൾ ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പി.സി. അംഗങ്ങൾക്കും പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റുതലത്തിൽ തീരദേശ, നഗര പരിസര സ്ഥാപനങ്ങൾക്കുവേണ്ടി ഇളവനുവദിക്കാൻ ഉത്തരവിറക്കുന്നതിന് ആലോചിക്കുമോ ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിലുള്ള ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതിനാൽ തകർന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പദ്ധതി വിഹിതത്തിന്റേയും തനതുഫണ്ടിന്റേയും നിശ്ചിത ശതമാനം റോഡ്, കെട്ടിടം തുടങ്ങിയ പൊതു ആസ്തികളുടെ മെയിന്റനൻസിനു വേണ്ടി ചെലവഴിക്കണമെന്ന് നിർദ്ദേശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നിലവിൽ നിർദ്ദേശമുണ്ടെങ്കിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും അത് പാലിക്കുമെന്ന് ഉറപ്പാക്കുമോ ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ ജെ.ആർ.വൈ.എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. തുടങ്ങിയ പദ്ധതികൾ പ്രകാരം തീരപ്രദേശത്തുകൂടി കടന്നുപോകുന്ന റോഡുകൾ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ മുതലായവർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ കൂടി കടന്നുപോകുന്ന റോഡുകൾ എന്നിവയ്ക്ക്, സ്ഥലം തീരെ ലഭ്യമല്ല എന്ന് പദ്ധതി നടപ്പിലാക്കുന്ന ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെട്ടാൽ വീതി 6 മീറ്ററായി കുറച്ചുകൊണ്ട് ഇളവ് നൽകുവാൻ ജില്ലാ കളക്ടർമാർക്ക് അധികാരമുണ്ടായിരുന്നു. ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ റൂറൽ റോഡ് മാനുവലിലെ നിബന്ധന പ്രകാരം ഒരു ദിവസം 100-ൽ കുറവ് വാഹനങ്ങൾ മാത്രം സഞ്ചരിക്കുന്ന ഗ്രാമീണ റോഡുകൾക്ക് വീതി 6 മീറ്ററായി നിജപ്പെടുത്തിക്കൊണ്ട് എസ്.ജി.ആർ.വൈ. പദ്ധതിയിൻകീഴിൽ റോഡുപണികൾ അനുവദിക്കാൻ ജില്ലാകളക്ടർമാരെ ചുതമലപ്പെടുത്തിയിട്ടുണ്ട്. മറ്റു പ്രദേശങ്ങൾക്ക് ഇത്തരം ഇളവ് നിലവിലില്ല.

(ഡി) ഉണ്ട്.

(ഇ)&(എഫ്) പദ്ധതി വിഹിതത്തിന്റെ 10% തുക ആസ്തികളുടെ മെയിന്റനൻസിനുവേണ്ടി ഉപയോഗിക്കാമെന്ന് പദ്ധതി മാർഗ്ഗരേഖയിലുണ്ട്. തനതുഫണ്ടും മെയിന്റനൻസിനായി ഉപയോഗിക്കാവുന്നതാണ്.

കുടുംബശ്രീ പദ്ധതിയുടെ കീഴിലുള്ള പ്രവർത്തനങ്ങൾ

112 (1581) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള കുടുംബശ്രീ പദ്ധതി ഇപ്പോഴും കാര്യക്ഷമമായി നിലവിലുണ്ടോ ;

(ബി) സമൂഹത്തിന്റെ ഏതെല്ലാം തലങ്ങളിലുള്ളവരാണ് ഇതിന്റെ ഗുണഭോക്താക്കൾ ;

(സി) പ്രസ്തുത പദ്ധതിയുടെ കീഴിലുള്ള വികസന പ്രവർത്തനങ്ങൾ എന്തൊല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമൂഹത്തിലെ ദരിദ്ര കുടുംബങ്ങളാണ് ഇതിന്റെ ഗുണഭോക്താക്കൾ.

(സി) 1. സംസ്ഥാനത്തെ ദരിദ്ര കുടുംബങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ത്രിതല സമൂഹാധിഷ്ഠിത സംഘടനാ സംവിധാനം.

2. മിതവ്യയ സമ്പാദ്യ വായ്പ പരിപാടി.

3. കേന്ദ്രാവിഷ്ക്കൃത നഗര ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ.

LIBRARY ARCHIVES Kerala Legislative Assembly